# കേരള മുസ്‌ലിം 'ശാക്തീകരണ'ത്തിന് ഒരനുബന്ധം

**യൂത്ത്** ലീഗ് നേതാവ് കെ.എം ഷാജിയുടെ *മാതൃഭൂമി* ആഴ്ചപ്പതിപ്പിലെ ലേഖനത്തിന് *പ്രബോധന*(ലക്കം 38)ത്തിൽ മുജീബ് നൽകിയ മറുപടിയിലെ ഇനം രണ്ടിൽ പറഞ്ഞ ഒരു കാര്യത്തിന് ഒരു ടിപ്പണി ആവശ്യമാണെന്നു തോന്നുന്നു. 'കേരളത്തിലെ മുസ്‌ലിംകൾ സുരക്ഷിതരല്ലെന്ന് ആരും പറഞ്ഞില്ല. അവരുടെ ജീവിതം നിർഭയമല്ല എന്നും വാദിച്ചില്ല' എന്നതാണ് ഉദ്ദേശിക്കുന്ന പരാമർശം. കേരളത്തിലെ മുസ്‌ലിംകൾ മാത്രമല്ല വിഷയമെന്നും അഖിലേന്ത്യാ തലത്തിൽ മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളോട് മുഖം തിരിക്കുന്നത് വിഡ്ഢിത്തമായിരിക്കും എന്നുമുള്ള വീക്ഷണത്തിൽ പറഞ്ഞതിന് അതിന്റേതായ പ്രസക്തി തീർച്ചയായും ഉണ്ട്. ഷാജിയെ ഈ അഖിലേന്ത്യാ പരിപ്രേക്ഷ്യത്തിൽ നേരിടുന്ന ഊന്നലിൽ നിന്നുണ്ടായ ഈ പരാമർശം, അറിയാതെ അവഗണിച്ചുപോകുന്ന ചില അവസ്ഥകൾ സമുദായത്തിനുണ്ട് എന്ന് സൂചിപ്പിക്കുന്നു. അവയാണെങ്കിൽ മുസ്‌ലിം ലീഗിന്റെ പ്രത്യേകിച്ച് ഷാജിയുടെ അവകാശവാദങ്ങളെ ദുർബലമാക്കുന്നവയുമാണ്.

കേരളത്തിലെ മുസ്‌ലിംകളെ സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന 'സുരക്ഷിത' വാദത്തിന്റെ ചില പ്രധാന പരിമിതികൾ ആണ് വിഷയത്തിന്റെ മർമം.

1. കേരളത്തിൽ രാഷ്ട്രീയ ശാക്തീകരണം ഉള്ളതായി കാണുമ്പോൾ തന്നെ, സംസ്ഥാനത്തെ പോലീസ് അടുത്ത കാലത്തായി നടത്തിയ വിവേചനപരമായ അറസ്റ്റുകളും ഇന്റലിജൻസ് ഭാഗത്തു നിന്നുണ്ടായ തെറ്റായ പ്രചാരണങ്ങളും, സംശയിക്കപ്പെടുന്നവർ മുസ്‌ലിംകൾ ആണെങ്കിൽ കാട്ടുന്ന ക്രൂരമായ കൈകാര്യം ചെയ്യലും, ഇതര സമുദായങ്ങൾ ആണെങ്കിൽ കാട്ടുന്ന ഇളവുകളും അത്രയൊന്നും സുരക്ഷിതരല്ല മുസ്‌ലിംകൾ എന്ന് പറയിപ്പിക്കാൻ പര്യാപ്തമാവേണ്ടതാണ്. ഇതൊക്കെ ചില 'തീവ്രവാദികളുടെ' തെറ്റായ പ്രവർത്തനം കൊണ്ടാണെന്ന് ഷാജിയെപ്പോലുള്ളവർ വാദിച്ചേക്കാമെങ്കിലും, മുസ്‌ലിം ലീഗിലെ തന്നെ പ്രവർത്തകർക്ക് സംഘടനാപരമായ സംഘർഷമേഖലയിൽ ഇതിന്റെ 'രുചി' ചിലപ്പോഴെങ്കിലും അറിയാൻ സാധ്യതയുണ്ട്. ഇതൊന്നും അഖിലേന്ത്യാ തലത്തിൽ, ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിശേഷിച്ചും നിലനിൽക്കുന്നതിനെ അപേക്ഷിച്ച് കുറവായിരിക്കാമെങ്കിലും, ഇല്ല എന്ന് പറയാൻ വരട്ടെ.

2. ഒരു സമുദായത്തിന്റെ നിർഭയമായ അസ്തിത്വത്തിന്റെ പ്രധാന ഘടകമാണ് വാർത്താ മാധ്യമങ്ങളിൽ ആ സമുദായത്തിന് ലഭിക്കുന്ന ആരോഗ്യകരമായ പ്രതിഛായ. സമീപകാലത്തുണ്ടായ, ഏറെ പെരുപ്പിച്ച് കാട്ടപ്പെട്ട തീവ്രവാദ കഥകളുടെ പശ്ചാത്തലത്തിൽ മുസ്‌ലിം സമുദായത്തിലെ അംഗങ്ങൾ ഉൾപ്പെട്ട കാര്യങ്ങളിൽ എന്തുമാത്രം വിവേചനപരമായും മര്യാദകൾ ലംഘിച്ചുമാണ് മാധ്യമങ്ങൾ പെരുമാറിയത് എന്ന് പ്രത്യേകം പറയേണ്ടതില്ല. അനീതികൾക്കെതിരായ പ്രതികരണത്തിന്റെ എന്തെങ്കിലും ലാഞ്ഛന കാണുന്നവരെയെല്ലാം കുറ്റവാളി മുദ്ര ചാർത്തുന്ന സാഹചര്യത്തിൽ നിർഭയത്വം അവകാശപ്പെടാൻ കഴിയുമോ? പ്രധാനമന്ത്രിയെ കണ്ട് സോഫയിൽ ഇരുന്നു, ആണവക്കരാർ വിഷയത്തിൽ ലീഗ് ചെയ്തതുപോലെ കേവലം 'ആശങ്ക അറിയിച്ചു' തന്നെ എല്ലാവരും പ്രതികരിക്കണം എന്ന് നിർബന്ധം പിടിക്കുന്നത് ശരിയല്ലല്ലോ.

3. കഴിഞ്ഞ ഒന്ന് രണ്ട് വർഷമായി പൊതുസമൂഹത്തിൽ മുസ്‌ലിം സമുദായത്തിന്റെ അസ്സൽ ചിഹ്നങ്ങളോട് കൂടി നടക്കുന്ന ആർക്കും വന്നുഭവിക്കാവുന്ന 'പ്രൊഫയിലിംഗ്' ഇന്ന് കേരളത്തിലും ഉണ്ടായിട്ടില്ല എന്ന് പറയാൻ കഴിയില്ല. അത്രക്ക് വന്നിരിക്കുന്നു ഈയിടെയായി മാധ്യമ ചിത്രീകരണം. ഇതുമായി ബന്ധപ്പെട്ട ഒട്ടനവധി ഡോക്യുമെന്റഡ് ഉദാഹരണങ്ങൾ ഉൾക്കൊള്ളുന്ന സദ്റുദ്ദീൻ വാഴക്കാടിന്റെ ലേഖനം, മുജീബിന്റെ മറുപടി വന്ന അതേ ലക്കത്തിൽ കാണാം.

4. ഇനി രാഷ്ട്രീയ ശാക്തീകരണം എന്ന ഒന്ന് കേരള മുസ്‌ലിംകൾക്ക് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ ഉണ്ടെന്ന് അംഗീകരിച്ചാൽതന്നെ അത് മുസ്‌ലിം ലീഗിനെക്കൊണ്ട് മാത്രം ഉണ്ടാവുന്നതാണെന്ന മിഥ്യ തിരിച്ചറിയേണ്ടതുണ്ട്. ചില ഘടകങ്ങൾ മാത്രം എടുത്തു നോക്കാം:

എ) മുസ്‌ലിം സമുദായത്തിലെ വിവിധ ആശയ വിഭാഗങ്ങളിലെ സംഘടനകൾ നടത്തുന്ന വിവിധ വിദ്യാഭ്യാസ-സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ സമുദായത്തിനു കിട്ടുന്ന ഉണർവും പ്രബുദ്ധതയും മുസ്‌ലിം ലീഗിനു തന്നെ ഗുണകരമാവുന്നവയാണ്; അവക്ക് ഇപ്പറഞ്ഞ ശാക്തീകരണത്തിന്റെ ഒരു പങ്ക് അവകാശപ്പെടാനുമുണ്ടാവും. അവയൊന്നും മുസ്‌ലിം ലീഗിന്റേത് പോലുള്ള കേവലം രാഷ്ട്രീ

യമായ അജണ്ടകളല്ല.

ബി) ലീഗിനെ താത്ത്വികമായി എതിർക്കുന്നവരും (വ്യക്തികളും സംഘടനകളും) പല ഘട്ടങ്ങളിലും ലീഗ് സമുദായത്തിലെ ഏക രാഷ്ട്രീയ ശക്തി ആണെന്ന നിലയിൽ അംഗീകരിച്ചുകൊണ്ട് നൽകുന്ന പിന്തുണ മനസ്സിലാക്കേണ്ടതുണ്ട്.

സി) രാഷ്ട്രീയേതരമായ മതകീയ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (മുസ്‌ലിം ലീഗിന് സ്വയം ഏറ്റെടുക്കാൻ പറ്റാത്ത) പ്രവർത്തനങ്ങളിലൂടെ ലീഗിനു തന്നെ കിട്ടുന്ന മാനവിക വിഭവങ്ങളും ഊർജവും പോഷണവും ഉണ്ടായിരുന്നില്ലെങ്കിൽ കേരളത്തിലെ ലീഗിനു തന്നെ വലിയ മേന്മയൊന്നും അവകാശപ്പെടാനുണ്ടാകുമായിരുന്നില്ല.

ഡി) കേരള ജനസംഖ്യയിലെ മുസ്‌ലിം ശതമാനം ഒരു നിർണായക ഘടകമാണ്. ഒപ്പം സമീപകാലത്ത് ഗൾഫ് സാമ്പത്തിക സ്രോതസ്സിലൂടെ നേടിയ അൽപം മെച്ചപ്പെട്ട 'ക്ലൗട്ട്' മൊത്തത്തിൽ സമുദായത്തിന് നൽകിയ പുഷ്ടിയും തിരിച്ചറിയുക.

**പി.വി സഊദ് മുഹമ്മദ്**
**ദോഹ, ഖത്തർ**

# പ്രത്യേക പതിപ്പ് എല്ലാവരുടെ കൈകളിലുമെത്തട്ടെ

**വേദഗ്രന്ഥത്തോട്** നമ്മൾ സ്വീകരിച്ചുപോന്ന നിലപാട് മാറ്റിയെടുക്കാൻ പ്രസ്ഥാനത്തിന് ഒരുപാട് പണിയെടുക്കേണ്ടി വന്നിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന്റെ ഉള്ളടക്കവും വെളിച്ചവും സഹോദര സമൂഹത്തിൽ വരെ കടന്നെത്തിക്കഴിഞ്ഞു.

പ്രവാചകനെ അടുത്തറിയാനായി ചില പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ടെങ്കിലും പ്രഗത്ഭരായ എഴുത്തുകാരെ അണിനിരത്തി *പ്രബോധനം* ലക്കം 37 മുഹമ്മദ് നബി പ്രത്യേക പതിപ്പിറക്കിയത് ഏറെ പ്രശംസനീയമാണ്. 'മുഹമ്മദ് നബി അവരുടെ നോട്ടത്തിൽ' എന്നതോടൊപ്പം അൽപം നമ്മുടേതായ ഒരെത്തിനോട്ടത്തിന് അവസരം കൊടുക്കാമായിരുന്നു എന്ന് തോന്നുന്നു.

ഏതായാലും അവരുടെ മാത്രം നോട്ടമായത് കൊണ്ട് അവരുടെ കൈകളിൽ പരമാവധി എത്തിച്ചേരാനുള്ള ഏർപ്പാട് *പ്രബോധന*മോ പ്രസ്ഥാനമോ എടുക്കുന്നത് നന്നായിരിക്കും.

ഉള്ളടക്കത്തെപ്പറ്റി ചിലത് കുറിക്കട്ടെ. സ്വാമി അഗ്നിവേശിന്റെ ലേഖനത്തിൽ രണ്ടു കാര്യങ്ങൾ അടിവരയിട്ട് കുറിക്കുന്നുണ്ട്. അതിലൊന്ന്: പ്രവാചകന്റെ അനുയായികളിൽ ചിലർ മഖ്ബറ (ശവകുടീരം) തേടിപോവുന്നതും അതിന്റെ വാണിജ്യവത്കരണത്തിൽ പങ്കാളികളാവുന്നതും ചോദ്യം ചെയ്യുന്നു. രണ്ട്: മദ്യത്തിനെതിരെ ശക്തമായ പോരാട്ടം നടത്താൻ പ്രവാചകന്റെ ജന്മദിന വേളയിൽ മുന്നോട്ടുവരണമെന്നും എല്ലാ വിഭാഗത്തിന്റെയും പിന്തുണ ആ കാര്യത്തിൽ ഉണ്ടാവുമെന്നും ഉറപ്പ് തരുന്നതോടൊപ്പം മുസ്‌ലിം സമൂഹം ഇത് ചെവികൊടുക്കുമോ എന്ന ചോദ്യത്തോടെയാണ് ലേഖനം അവസാനിപ്പിക്കുന്നത്. പ്രഫ. എ.കെ രാമകൃഷ്ണന്റെ ഇജ്തിഹാദിലൂടെ പ്രവാചക മാതൃക വീണ്ടെടുക്കുക എന്ന ലേഖനവും ശ്രദ്ധേയമാണ്.

ദേവദത്ത് ജി. പുറക്കാടിന്റെ 'സമ്മോഹനം ഈ ലളിത ജീവിതം' എന്ന ലേഖനം വായിച്ചുപോവുമ്പോൾ നമ്മളറിയാതെ നമ്മുടെ കൺതടങ്ങൾ ഈറനണിയാതിരിക്കില്ല.

സക്കറിയയുടെ 'ഞാൻ അറിയുന്ന പ്രവാചകൻ' ഹദീസിന്റെ പ്രാമാണികതക്കൊരു പൊൻതൂവൽ ചാർത്തുന്നു. നാലപ്പാട്ടിന്റെയും രാം പുനിയാനിയുടെയും ഗോപകുമാറിന്റെയും യു.കെ കുമാരന്റെയും ലേഖനങ്ങളും നിലവാരം പുലർത്തുന്നവ തന്നെ.

പ്രവാചകനെ ഓർക്കാനും ആദരിക്കാനുമായി റാലികളും ബുർദകളുമൊക്കെ കൊണ്ടാടുന്നവർക്കൊരുപക്ഷേ *പ്രബോധന*ത്തിന്റെ ഈ ശൈലിയിൽ അരിശംകൊണ്ടെന്നുവരാം. കുറ്റിപ്പുറം ഫത്‌വകളുടെ നാളുകളിൽ പ്രത്യേകിച്ചും.

ലോകാനുഗ്രഹിയായ പ്രവാചകനെ ലോകത്തിന് പരിചയപ്പെടുത്താതിരിക്കുന്നതിന്റെ ശിക്ഷയാണിന്ന് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

**കെ.എ മമ്മൂട്ടി കവിയൂർ**

# പ്രവാചകനെ പോസിറ്റീവായി വായിക്കുന്നു

**പ്രവാചകനെക്കുറിച്ച** പ്രത്യേക പതിപ്പ് ശ്രദ്ധേയമായി. ഇസ്‌ലാമിനു പുറത്തുള്ള പ്രമുഖർ പ്രവാചകനെയും ഇസ്‌ലാമിനെയും വളരെ പോസീറ്റീവായി തന്നെയാണ് വായിച്ചെടുക്കുന്നത് എന്ന അറിവ് ഏറെ പ്രതീക്ഷ നൽകുന്നു.

വൈജ്ഞാനികരംഗം, സാമൂഹിക ബന്ധങ്ങൾ, സമീപന രീതികൾ എന്നീ വിഷയങ്ങളിൽ പ്രവാ

ചക മാതൃകക്ക് വിരുദ്ധമായി കേവലം ആചാരപ്രധാനമായ ഐഡന്റിറ്റി മാത്രം കാത്തുസൂക്ഷിക്കുന്നവരായി മുസ്‌ലിം സമൂഹം മാറിയിരിക്കുന്നു എന്ന നിരീക്ഷണം മുഖവിലക്കെടുക്കേണ്ടതുതന്നെയാണ്.

പ്രവാചകൻ വ്യക്തി എന്നതിനപ്പുറം അദ്ദേഹം നിർവഹിച്ച ദൗത്യമാണ് പരമപ്രധാനം. തന്റെ പ്രബോധന കാലത്ത് പലതവണ അദ്ദേഹം അനുയായികളെ അത് ഉൽബോധിപ്പിച്ചിട്ടുണ്ട്. ഞാൻ നിങ്ങളിൽ പെട്ട ഒരു മനുഷ്യൻ മാത്രമാണെന്നും അല്ലാഹുവിന്റെ അടിമയാണെന്നുമാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നത്. സ്വന്തം അനുയായികൾക്ക് തന്നെക്കുറിച്ചുള്ള സങ്കൽപത്തിൽ അമാനുഷികതയും വീരാരാധനയും വന്നുപോകുന്നതിനെ അദ്ദേഹം ഭയപ്പെട്ടു. ഒരു മുസ്‌ലിം തന്റെ ജീവിതത്തിൽ സർവ രംഗങ്ങളിലും പ്രവാചകൻ കാണിച്ച മാതൃകകൾ പിൻപറ്റുന്നതിലൂടെയാണ് പ്രവാചക സ്മരണയും അദ്ദേഹത്തിന്റെ ചര്യയും ജീവസ്സുറ്റതായി നിലനിൽക്കുന്നത്.

നന്മ പ്രചരിപ്പിക്കാനും അറിവ് പങ്കുവെക്കാനും വേണ്ടിയാണെങ്കിൽ പോലും പ്രവാചക സ്മരണ എന്നതിനെ അദ്ദേഹത്തിന്റെ ജന്മദിനത്തോടോ ജന്മ മാസത്തോടോ അനുബന്ധിച്ച് ഒരു വാർഷിക മഹാമഹമാക്കി മാറ്റുന്നതിൽ സൂക്ഷ്മമായ അപകടം പതിയിരിക്കുന്നുണ്ട് എന്ന വിമർശനവും ഇതോടൊപ്പം ഉന്നയിക്കുന്നു.

**പി. ജലീൽ അത്തോളി**

## പർദ അടിച്ചേൽപിക്കുന്നതല്ല

**'മുഹമ്മദ്** നബി അവരുടെ നോട്ടത്തിൽ' എന്ന പ്രത്യേക പതിപ്പ് (ഫെബ്രുവരി 27) വായിച്ചു. ഓരോ രചനയും മികവ് പുലർത്തി. 'സ്ത്രീകളിൽ പ്രത്യേകതരം വസ്ത്രം എന്തിനാണ് അടിച്ചേൽപിക്കുന്നത്? വൈവിധ്യമാർന്ന വസ്ത്രധാരണ രീതികൾ പിന്തുടരുന്ന രാജ്യങ്ങളിലെ പുരുഷന്മാർ (കാമ) ഭ്രാന്ത് പിടിച്ചു നടക്കുകയാണോ?' എന്ന് എം.ഡി നാലപ്പാട്ടിന്റെ രചനയിൽ കണ്ടു. ഇസ്‌ലാം ആരിലും ഒന്നും അടിച്ചേൽപിക്കുന്നില്ല. വസ്ത്രം സംസ്കാരത്തിന്റെ ഭാഗമാണ്. സ്ത്രീക്കും പുരുഷനും നഗ്നത മറക്കൽ നിർബന്ധവുമാണ്. ഇതര ജീവജാലങ്ങളിൽനിന്ന് മനുഷ്യനെ വ്യത്യസ്തനാക്കുന്ന ഘടകമാണ് ലജ്ജ. മുഖവും മുൻകൈയും ഒഴിച്ചുള്ള മുഴുവൻ ശരീര ഭാഗവും മറച്ചുകൊണ്ട് സ്ത്രീയെ പൂർണ സ്വതന്ത്രയാക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. ഇന്ന് കാണുന്ന പർദ ആ സംരക്ഷണം നൽകുന്നത് കൊണ്ടാണ് കൂടുതൽ പേരും അത് സ്വീകരിക്കുന്നത്; അത് അടിച്ചേൽപിക്കുന്നതല്ല.

**മുഹമ്മദ് ഷമീർ തിരുവനന്തപുരം**

## ഇനിയിത് വിലപ്പോകില്ല

**സമസ്ത** ഈയിടെ കുറ്റിപ്പുറത്ത് റഹ്മത്തുല്ലാ ഖാസിമിയുടെ ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു. ജമാഅത്തെ ഇസ്‌ലാമിയെ ചീത്ത പറയാൻ മാത്രമായി ഒരു പരിപാടി. സ്ത്രീകൾ പുറത്തിറങ്ങാൻ പാടില്ല എന്നു മാത്രമാണ് ഖാസിമിയുടെ പ്രഭാഷണത്തിലുടനീളമുണ്ടായിരുന്നത്. ഖാസിമി സംഘടിപ്പിക്കുന്ന പഠനക്ലാസ്സുകളിൽ പങ്കെടുക്കുന്നത് ഭൂരിപക്ഷവും സ്ത്രീകളാണ് എന്നത് എല്ലാവർക്കും അറിയാവുന്ന സത്യമാണ്. അദ്ദേഹത്തിന്റെ പരിപാടിയിൽ സ്ത്രീകൾ പങ്കെടുത്താൽ ഒരു പ്രശ്നവുമില്ല. ജമാഅത്തുകാർ സ്ത്രീകളെ പങ്കെടുപ്പിച്ചാൽ അത് ഹറാം! പിന്നെ ശാപ പ്രാർഥനയായി. ഈ നാടകം ഇനിയും കേരളത്തിൽ വിലപ്പോകില്ല എന്ന് അദ്ദേഹം മനസ്സിലാക്കുന്നത് നന്ന്. കേരള വനിതാ സമ്മേളനത്തിനെതിരെ നാവിട്ടടിക്കുന്നവർ ഇതിലും വലിയ സമ്മേളനം നടത്തിയാണ് ജമാഅത്തിന് മറുപടി കൊടുക്കേണ്ടത്. അല്ലാതെ ഇത്തരം കോമാളിത്തങ്ങൾ കണ്ടുനിൽക്കാൻ ഇനി പ്രബുദ്ധ കേരളം സമയം കളയില്ല.

**ഷാഹിദ സൈഫ് വളാഞ്ചേരി**

## സ്ത്രീശാക്തീകരണവും 'തെളിച്ചം' പരാമർശങ്ങളും

**ജമാഅത്തെ** ഇസ്‌ലാമി കുറ്റിപ്പുറത്ത് സംഘടിപ്പിച്ച പ്രഥമ വനിതാ സമ്മേളനം ചരിത്ര സംഭവമായി മാറിയതോടെ ചില മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ, സ്ത്രീശാക്തീകരണത്തിലെ 'വേഷപ്പകർച്ച'കളെക്കുറിച്ച് വാചാലമാവാൻ തുടങ്ങിയിരിക്കുന്നു. 'സാമൂഹ്യ വിപ്ലവത്തിന് സ്ത്രീശക്തി' എന്ന പ്രമേയത്തിന്റെ സാംഗത്യം ചോദ്യം ചെയ്തുകൊണ്ട് *തെളിച്ചം* മാസികയുടെ മുഖ്യ പത്രാധിപർ ഡോ. ബഹാഉദ്ദീൻ നദ്‌വിയുടെ മുഖക്കുറിപ്പിൽ പറയുന്നു: "ഒരു സമൂഹത്തിന്റെ നിർമാണ പ്രക്രിയയിൽ മുഖ്യ പങ്ക് വഹിച്ചു കടന്നുപോയ സ്ത്രീ കൂട്ടായ്മ ലോകചരിത്രത്തിൽ നാം ദർശിച്ചിട്ടില്ല. എന്നിരിക്കെ ഇങ്ങനെയുള്ള ഒരു സാമൂഹിക വിപ്ലവത്തെ മുന്നിൽ കാണുന്നതിന്റെ സാംഗത്യമെന്താണ്?" (2010 ഫെബ്രുവരി).

സാമൂഹിക വിപ്ലവത്തിൽ സ്ത്രീയുടെ പങ്ക് ചോദ്യം ചെയ്യുന്ന *തെളിച്ചം* പത്രാധിപരുടെ വാദമുഖങ്ങളെ, അതേ ലക്കത്തിൽ 'പെണ്ണായാൽ ഇങ്ങനെ വേണം എന്നാണോ നിങ്ങൾ പറയുന്നത്?' എന്ന

ശീർഷകത്തിൽ വന്ന മുഖ്യ ലേഖനത്തിൽ മൻഹർ യു.പി ഖണ്ഡിക്കുന്നത് കൗതുകകരമാണ്: "സാമൂഹിക വിപ്ലവത്തിൽ സ്ത്രീകൾക്കുള്ള ഇടം പുരുഷനുള്ളതിനേക്കാൾ വിശാലമാണ്" (2010 ഫെബ്രുവരി). സാമൂഹിക വിപ്ലവത്തിൽ പുരുഷനേക്കാൾ പങ്ക് സ്ത്രീകൾക്കാണെന്ന് വാദിക്കുന്ന *തെളിച്ചം* ലേഖകൻ, നിലവിൽ സ്ത്രീകളുടെ സ്ഥാനം സമൂഹത്തിൽ അംഗീകരിക്കപ്പെടുന്നില്ലെന്നും സ്ത്രീകൾ തങ്ങളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് തീർത്തും അജ്ഞരായിത്തീർന്നിരിക്കുന്നുവെന്നും പരിതപിക്കുന്നു. ലേഖകൻ സൂചിപ്പിച്ച 'സാമൂഹിക വിപ്ലവത്തിൽ സ്ത്രീക്കുള്ള വിശാലമായ ഇടത്തെക്കുറിച്ചും സ്ത്രീകൾ തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് തീർത്തും അജ്ഞരാണെന്ന ദുഃഖകരമായ യാഥാർഥ്യത്തെക്കുറിച്ചുമുള്ള' തിരിച്ചറിവാണ് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങാൻ ഇസ്‌ലാമിക പ്രസ്ഥാനത്തെ പ്രേരിപ്പിച്ചതെന്ന വസ്തുത ഭംഗ്യന്തരേണ ലേഖകനെ ഉണർത്തിക്കൊള്ളട്ടെ.

"പെണ്ണിന്റെ ചിന്തകൾക്ക് സമൂഹത്തിൽ ഒന്നും ചെയ്യാനില്ലെന്ന പുരുഷ ധാരണ മാറ്റി എഴുതണം" എന്ന് ഉദ്ഘോഷിക്കുന്ന ലേഖകൻ, 'മതകീയവും ധാർമികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ഒരു സ്ത്രീശാക്തീകരണം ഇനിയും വൈകിക്കൂടെ'ന്ന് ആഹ്വാനം ചെയ്യുന്നു.

സ്ത്രീശാക്തീകരണ വിഷയത്തിൽ വിപ്ലവകരമായ വീക്ഷണങ്ങൾ അവതരിപ്പിക്കുന്ന *തെളിച്ചം* ലേഖകൻ, പക്ഷേ സ്വഹാബി വനിതകൾ രണാങ്കണത്തിലിറങ്ങി യുദ്ധം ചെയ്ത ചരിത്ര സത്യം നിഷേധിക്കുകയാണ്. ലേഖകൻ എഴുതുന്നു: "യുദ്ധത്തിന് പോകുന്ന സംഘങ്ങളിൽ സ്വഹാബി വനിതകൾ ഉണ്ടായിരുന്നുവെന്നത്, സ്ത്രീകളുടെ പൊതുരംഗ പ്രവേശനത്തിന് തെളിവാകുന്നില്ല. ആ പോക്കിന്റെ ഉദ്ദേശ്യം വാൾപയറ്റി ശത്രുക്കളുടെ അണിയിലേക്ക് ഇരച്ചുകയറുകയായിരുന്നില്ലല്ലോ. മറിച്ച് അങ്കത്തിനിടയിൽ മുറിവേറ്റ് വരുന്ന തങ്ങളുടെ പുരുഷന്മാരെ ശുശ്രൂഷിക്കുകയെന്നതായിരുന്നു. യുദ്ധത്തെ സംബന്ധിച്ചേടത്തോളം തീർത്തും മറക്ക് പിന്നിലുള്ള ഒരു പ്രവർത്തനം മാത്രമാണത്."

യുദ്ധം ചെയ്യലല്ല, മുറിവേറ്റവരെ ശുശ്രൂഷിക്കുക മാത്രമാണ് സ്വഹാബി വനിതകൾ ചെയ്തതെന്ന വാദം, ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യ രക്തസാക്ഷി സുമയ്യ(റ)യുടെ ചരിത്രത്തിന് മുന്നിൽ എന്തു മാത്രം ബാലിശമല്ല! ഉഹുദ് യുദ്ധത്തിൽ നബി(സ)യെ ശത്രുസൈന്യം വധിക്കാൻ ശ്രമിച്ച പ്രതിസന്ധിഘട്ടത്തിൽ പുരുഷന്മാരിൽ പലരും രംഗം വിട്ടോടിയപ്പോൾ അടിപതറാതെ ധീരമായി പൊരുതിയ ഉമ്മു അമ്മാറ നിരായുധയായി മറക്ക് പിന്നിൽ നിന്നുകൊണ്ടാണോ ഈ ധീരകൃത്യം നിർവഹിച്ചത്? പുത്തൻ പ്രവാചകവാദികൾക്കെതിരായ പോരാട്ടത്തിലും അവർ സജീവമായ പങ്ക് വഹിച്ചില്ലേ? പ്രസ്തുത യുദ്ധത്തിൽ അവർക്ക് 12 മുറിവുകൾ പറ്റി എന്ന ചരിത്ര സത്യം, സ്ത്രീകളുടെ പൊതുരംഗ പ്രവേശത്തെ നിഷിദ്ധമെന്ന് പ്രചരിപ്പിക്കുന്നവർക്കുള്ള വായടപ്പൻ മറുപടിയല്ലേ?

**റഹ്മാൻ മധുരക്കുഴി**

# മൈലേജ് നേടുന്നത് ഖാദിയാനികൾ

**ഇപ്പോൾ** കേരളത്തിലെ ഖാദിയാനീ ഗൂഢാലോചനക്ക് പിന്തുണയുമായി അൾട്രാ സെക്യുലരിസ്റ്റുകളും മോഡേണിസ്റ്റുകളും സയണിസ്റ്റ് ഏജന്റുമാരും സാമ്രാജ്യത്വ ദല്ലാളന്മാരും പല മാർഗേണ രംഗത്തിറങ്ങിയിരിക്കുകയാണ്. കലക്ക വെള്ളത്തിൽനിന്ന് മീൻ പിടിക്കാൻ ഖാദിയാനികൾ ബഹു മിടുക്കന്മാരാണ്. മുസ്‌ലിം സമുദായം ശാഖാപരമായ വിഷയങ്ങളിലെ ഭിന്നതകൾ മാറ്റിവെച്ച് സാമ്രാജ്യത്വ ലോബിയുടെയും സയണിസ്റ്റ് ശക്തികളുടെയും  പിന്തുണയോടെ നടക്കുന്ന ഖാദിയാനീ കുതന്ത്രങ്ങളെ ഒറ്റക്കെട്ടായി നേരിടേണ്ടതുണ്ട്. മകൻ മരിച്ചിട്ടെങ്കിലും മരുമകളുടെ കണ്ണീർ കാണാൻ കൊതിക്കുന്ന ദുർവാശിയുടെ അന്ധത സമുദായത്തിൽ വലിയ കുഴപ്പവും നാശവുമാണുണ്ടാക്കുക. മുസ്‌ലിംകളിലെ ശാഖാപരമായ അഭിപ്രായ വ്യത്യാസങ്ങളും മറ്റും മുതലെടുത്ത് ഖാദിയാനികൾ മൈലേജ് നേടുന്നത് തടയണം. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അന്തസ്സാരശൂന്യമായ ഒരു വ്യാജ പ്രസ്ഥാനത്തെ കൂട്ടുപിടിക്കുന്നവർ നബി(സ)യെ അപമാനിക്കുന്നവരായിത്തീരുമെന്നോർക്കണം. മുഹമ്മദ് നബി(സ)യോടുള്ള സത്യവിശ്വാസികളുടെ അതിരറ്റ സ്നേഹത്തെ തുരങ്കം വെക്കുന്നവരാണ് ഖാദിയാനികൾ.

**എ.ആർ അബ്ദുൽ ഹസീബ് മയ്യഴി**

# നമ്മളും അവരും

**അടുത്ത** കാലത്തായി പലരും തിരുത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രയോഗമാണ് നമ്മൾ, അവർ എന്നുള്ളത്. പ്രത്യേകിച്ച് അത്യുത്തര ദേശത്ത് മതം തിരിച്ചുള്ള വർത്തമാനങ്ങൾ 'ഓൻ നമ്മളെ ആൾടാ, മറ്റോൻ ഓരെ ആൾടാ' (അവൻ നമ്മുടെ വിഭാഗത്തിൽ പെട്ടവനും മറ്റവൻ അവരുടെ വിഭാഗത്തിൽ അഥവാ മതത്തിൽ പെട്ടവനും എന്ന് സാരം).

ഒരു മരണ വാർത്ത കേട്ടാൽ പോലും ഓൻ നമ്മളെ ആളാണോ അവരുടെ ആളാണോ തുടങ്ങിയ വർത്തമാനങ്ങൾ ഒരു ബഹുസ്വര സമൂഹത്തിന് എന്നല്ല ഇസ്‌ലാമിന് തന്നെ യോജിച്ചതല്ല. ബഹുസ്വര സമൂഹത്തിലെ മുസ്‌ലിം ജീവിതത്തെക്കുറിച്ച് ആഴത്തിൽ ചർച്ച ചെയ്യുന്ന പ്രബുദ്ധരായ വായനക്കാ

രുള്ള *പ്രബോധനം* വാരിക (ലക്കം 37) പ്രത്യേക പതിപ്പ് 'മുഹമ്മദ് നബി അവരുടെ നോട്ടത്തിൽ' എന്ന് പ്രയോഗിച്ചത് ഒട്ടും ശരിയായില്ല. മുഹമ്മദ് നബി ഇവരുടെ നോട്ടത്തിൽ എന്ന് നൽകിയിരുന്നെങ്കിൽ നന്നായേനെ.

**ടി.എം.സി സിയാദ് കാസർകോട്**